# 2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ



## വി. വി. എൽ. പി. സ്കൂൾ, എടക്കുളം

തങ്ങാലൂർ പി.ഒ., തൃശ്ശൂർ ജില്ല

| | | |
|---|---|---|
| സബ്ജില്ല | : | തൃശൂർ വെസ്റ്റ് |
| അസംബ്ലി നിയോജകമണ്ഡലം | : | വടക്കാഞ്ചേരി |
| ബ്ലോക്ക് | : | പുഴയ്ക്കൽ |
| ഫോൺ | : | 0487 - 2201140 |
| ഇമെയിൽ | : | vvlpshmedakkulam@gmail.com |

# ഉള്ളടക്കം


- ആമുഖം
- ആശയങ്ങൾ
- ലക്ഷ്യങ്ങൾ
- ഭാഷ
- പരിസരപഠനം
- ഇംഗ്ലീഷ്
- ഗണിതം
- വിവരസാങ്കേതികവിദ്യ
- സാമൂഹികാവബോധം
- നാട്ടറിവ്
- സർഗവേദി
- ആരോഗ്യ – കായിക – വിദ്യാഭ്യാസം

**ആമുഖം:-**

ഒരു നാടിന്റെ ഹൃദയത്തുടിപ്പുകളെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച എടക്കുളം വാണീവിലാസം ലോവർ പ്രൈമറി സ്കൂൾ 2025 -26 അധ്യനവർഷത്തിൽ അതിന്റെ 100-ാം പിറന്നാളിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. AD1926ൽ (കൊ.വ.1101) ജനങ്ങളുടെ കൂട്ടായ്മയിലാണ് ഈ വിദ്യാലയം പണിതുയർത്തിയത്. ഓലമേഞ്ഞ ക്ലാസ് മുറികളിൽ മൂന്ന് ഒന്നാം ക്ലാസുകളിലായി 115 കുട്ടികളും ഒരു രണ്ടാം ക്ലാസിൽ 37 കുട്ടികളും ആയിട്ടാണ് വിദ്യാലയം തുടങ്ങിയത്. പിന്നോക്ക ക്കാരായ എല്ലാ ജനവിഭാഗങ്ങളേയും ഉദ്ധരിക്കുന്നത് ജീവിതവ്രതമാക്കിയ ശ്രീ. സി.കെ.അപ്പുണ്ണി എഴുത്തച്ഛനായിരുന്നു പ്രഥമ സാരഥി.

1954, 1959, 1970 കളിലായി നിർമ്മിച്ച കെട്ടിടങ്ങളാണ് ഇന്നത്തെ വിദ്യാലയത്തിന്റെ ഭൗതിക ശരീരം. 1951 ജൂലായ് മാസത്തിൽ സ്കൂളിന്റെ എല്ലാ അധികാരങ്ങളും സ്റ്റാഫിന് കൈമാറി. അതിനുശേഷം എല്ലാ വർഷവും അദ്ധ്യാപകർ കൃത്യമായി എല്ലാ പണികളും കഴിച്ച് വിദ്യാലയം സംരക്ഷിച്ചുവരുന്നു.

നിലവിൽ 1 മുതൽ 4 വരെ 31 കുട്ടികളും 4 അദ്ധ്യാപകരുമാണ് വിദ്യാലയത്തിലുള്ളത്. കൂടാതെ LKG, UKG ക്ലാസുകളും പ്രവർത്തിച്ചുവരുന്നു.

PTA, OSA എന്നിവയുടെ പിന്തുണയും വിദ്യാലയത്തിന്റെ പുരോഗ തിയിൽ നല്ല പങ്കുവഹിക്കുന്നുണ്ട്. പൂർവ്വവിദ്യാർത്ഥി സമിതിയുടെ നേതൃത്വത്തിൽ എല്ലാ ക്ലാസ് മുറികളും വൈദ്യുതീകരിക്കുകയും ലൈറ്റ്, ഫാൻ സൗകര്യങ്ങൾ സ്ഥാപിക്കുകയും ഏതാനും ക്ലാസ് മുറികൾ അടച്ചുറപ്പുള്ളതാക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ബാക്കി ക്ലാസ് മുറികൾ അടച്ചുറപ്പുള്ളതാക്കിയതും ഇനി പണിപൂർത്തിയാക്കുന്ന സ്മാർട്ട് ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും അദ്ധ്യാപകർ തന്നെയാണ്.

എല്ലാ വർഷവും അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നതിന് ഏറ്റവും നല്ല തെളിവുകളാണ് നമുക്ക് ലഭിക്കുന്ന LSS ഉം കലാ കായിക പ്രവർത്തി പരിചയമേളയിലെ ഗ്രേഡുകളും.

100-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ വിദ്യാലയ പുരോഗതിക്ക് കൂടുതൽ വിപുലമായ കർമ്മ പദ്ധതികൾക്ക് തുടക്കം കുറി ക്കണമെന്ന് തീരുമാനത്തോടെ ഉറച്ച ആത്മവിശ്വാസത്തോടെ ഞങ്ങൾ മുന്നോട്ടുപോകുന്നു.

**ആശയങ്ങൾ:-**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ വർഷമായി പ്രഖ്യാപിച്ച 2025-26 അധ്യായന വർഷം പാഠ്യപദ്ധതിയിലും മൂല്യനിർണ്ണയ രീതികളിലും വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കുക (അക്കാദമികം). മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക, മികച്ച സാമൂഹിക പശ്ചാത്തലം ഒരുക്കുക എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. അതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

**ലക്ഷ്യങ്ങൾ:-**

ഓരോ ക്ലാസിലും കുട്ടി നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന തിരിച്ചറിവിൽ കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവ തിരിച്ചറിഞ്ഞ് അവ വികസിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ് പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കും.

ക്ലാസ് മുറികളിലെ പഠന പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി വിനിയോഗിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവവും പഠനാന്തരീക്ഷവും ഒരുക്കും.

കുട്ടികളുടെ നേരനുഭവങ്ങൾ, പഞ്ചേന്ദ്രിയാനുഭവങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം കൊടുത്ത് പഠനം സുഗമമാക്കുക.

ആവശ്യമായ സന്ദർഭങ്ങളിൽ ഫീൽഡ് ട്രിപ്പുകൾ മറ്റു സംവിധാനങ്ങൾ എന്നിവ പഠനനേട്ടം ഉറപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തുക.

പഠനനേട്ടവുമായി ബന്ധിപ്പിച്ച് കുട്ടികളിലേക്ക് വിവിധ ലാബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി എത്തിക്കും. സയൻസ്, ഗണിതം, കമ്പ്യൂട്ടർ ലാബുകൾ വിപുലീകരിക്കുക.

മാസത്തിലൊരിക്കൽ സിപിടിഎ ചേർന്ന് കുട്ടികളുടെ പഠനപുരോഗതി, ഇനി മാറ്റം വരുത്തേണ്ടവ, ആവശ്യമായ കൈത്താങ്ങ് എന്നിവ ചർച്ച ചെയ്യും.

വ്യക്തിഗത സിപിടിഎ, കോർണർ പിടിഎ, ഓൺലൈൻ പിടിഎ എന്നീ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക.

യൂണിറ്റ് ടെസ്റ്റുകൾ സമയബന്ധിതമായി നടപ്പാക്കും. എസ്ആർജിയിൽ ചർച്ച ചെയ്ത് വർക്കുഷീറ്റുകൾ നിർമ്മിക്കും.

കുട്ടികളിലെ നൈസർഗ്ഗികമായ കഴിവുകളെ കണ്ടെത്തി വളർത്തുകയും അവ ഭയഹരിതമായി പൊതുഇടങ്ങളിൽ അവതരിപ്പിക്കാനുള്ള പ്രാപ്തി ഉണ്ടാക്കുകയും ചെയ്യും. (കലാ-കായികം, പ്രവൃത്തി പരിചയം മുതലായവ...)

ആരോഗ്യ വിദ്യാഭ്യാസത്തിനും, ശുചിത്വശീലങ്ങൾക്കും മുൻഗണന നൽക്കുന്നതിനായി വിവിധതരം ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാകുട്ടികൾക്കും വിവിധ ആരോഗ്യ കായികക്ഷമത പരിശീലനങ്ങൾ എന്നിവ നൽകുക.

കൃഷി, ഔഷധത്തോട്ടം, ഉദ്യാനപരിപാലനം എന്നിവയ്ക്ക് കുട്ടിസംഘങ്ങൾ രൂപീകരിക്കൽ.

വിദ്യാലയം ഹൈടെക് സൗകര്യങ്ങളോടെ പഠന മികവിന് സജ്ജമാക്കൽ.

# ഭാഷ

**പ്രവർത്തനം : 1**
**പേര് : പുസ്തകം എന്റെ ലഹരി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായനാ ശീലം പരിപോഷിപ്പിക്കുന്നതിനും ലൈബ്രറി സൗകര്യം വിപുലപ്പെടുത്തുന്നതിനും | * വായന ദിനാചരണം<br>* വായന വാരാചരണം<br>* വായനശാല സന്ദർശനം<br>* പുസ്തകങ്ങൾ ശേഖരിക്കൽ<br>* ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | ജൂൺ 19 മുതൽ | HM SRG | |

**പ്രവർത്തനം : 2**
**പേര് : എന്റെ പിറന്നാൾ പുസ്തകം**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക | * സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തൽ<br>* പുസ്തകശേഖരണം<br>* പുസ്തകം സംഭാവന സ്വീകരിക്കൽ<br>* വായനക്കുറിപ്പുകൾ തയ്യാറാക്കൽ<br>* അസംബ്ലിയിൽ അവതരണം<br>* വായന മത്സരങ്ങൾ<br>* വായനക്കുറിപ്പുകൾ പതിപ്പാക്കൽ | ജൂൺ 19 മുതൽ | ക്ലാസ് ടീച്ചർ | 5000 |

**പ്രവർത്തനം : 3**
**പേര് : ഉച്ചഭാഷിണി വായന**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരുദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : സ്കൂൾ ലൈബ്രറി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക | * ലൈബ്രറി സജ്ജീകരിക്കൽ സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. ക്ലബ്ബുകൾ | 5000 |

**പ്രവർത്തനം : 5**
**പേര് : ക്ലാസ്സ്തല പതിപ്പുകൾ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് | * വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവെക്കുന്ന പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്ടീച്ചർ | 1500 |

**പ്രവർത്തനം : 6**
**പേര് : എന്റെ വായനാകുറിപ്പുകൾ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുന്നു | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ. (ചെറിയക്ലാസ്സിൽ വായന കാർഡ്) പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 5000 |

**പ്രവർത്തനം : 7**

**പേര് : കയ്യെഴുത്തുമാസികകൾ, പ്രിന്റഡ് മാഗസിൻ**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മകരചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | ഓരോ ടേമിലും | വിദ്യാരംഗം ഭാഷാക്ലബ്ബ് | 15000 |

**പ്രവർത്തനം : 8**

**പേര് : രചനോത്സവം**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

**പ്രവർത്തനം : 9**

**പേര് : സർഗ്ഗവേള**

**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ. (ചെറിയക്ലാസ്സിൽ വായന കാർഡ്) പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

**പ്രവർത്തനം : 10**

**പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക**

**ഉപമേഖല : ആശയ ഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | ക്ലാസ്സ് അധ്യാപകർ | 3000 |

# പരിസരപഠനം

മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്ര അഭിരുചി വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 4 വരെ യുള്ള ക്ലാസ്സുകളിലെ കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്ന തിനും പരിസര പഠന പ്രവർത്തനങ്ങൾ ഫല പ്രദമായി ചെയ്യുന്ന തിനും ശാസ്ത്രമൂല ഒരുക്കുന്നതിനും | ശാസ്ത്രമൂല നിർമ്മിക്കുന്നതിനാവശ്യ മായ തെരഞ്ഞെടുക്കൽ ലിസ്റ്റ് തയ്യാറാ ക്കൽ.<br>പുസ്തകങ്ങൾ ശേഖരിക്കൽ<br>ശാസ്ത്രമേളക്കായി കുട്ടികളെ ഒരു ക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ<br>സയൻക്ലബ്ബ്<br>കൺവീനർ | 2000 |

**പ്രവർത്തനം : 1**

പേര് : ശാസ്ത്രപഠനോപകരണ ശില്പശാല
ഉപമേഖല : ലാബ് ശാസ്ത്രീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തന ങ്ങൾക്കിണങ്ങും വിധം ശില്പശാല കൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പി ക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം : 2**

**പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)**

**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോ ഭാവം എന്നിവ വിക സിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്ന തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തിന്റെ പരീക്ഷണം തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര് : പരീക്ഷണ കിറ്റ്**

**ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്ത നങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും (3, 4 ക്ലാസ്സ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീ ക്ഷണ കിറ്റ് തയ്യാറാക്കൽ | മാർച്ച് മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**
**പേര് : ഇംഗ്ലീഷ് അസംബ്ലി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിൽ അസംബ്ലി കഥ പറയൽ, പാട്ട് അവതരണം, പത്ര വായന, പൊതു വിജ്ഞാനം | ജൂൺ മാർച്ച് | SRG | |

**പ്രവർത്തനം : 2**
**പേര് : വായന സാമഗ്രി നിർമാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | ഐസിടി വീഡിയോ, ഓഡിയോ കഥാ പുസ്തകങ്ങൾ വായിക്കാൻ അവസരം. പുസ്തക വിതരണം, വായനമൂല, ചിത്ര വായന, കഥാ നിർമാണം | നവംബർ ഫെബ്രുവരി | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : ഇംഗ്ലീഷ് കോർണർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച കഥാപുസ്തകങ്ങൾ നൽകൽ<br>വായന വേള ഒരുക്കൽ<br>വായന ക്കുറിപ്പ് തയ്യാറാക്കൽ | ജൂലൈ മാർച്ച് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : ഇംഗ്ലീഷ് ഫെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം വളർത്തൽ | വായന മത്സരം, രചന മത്സരം<br>കോറിയോഗ്രാഫി, സ്കിറ്റ്<br>സംഭാഷണം, പ്രസംഗം | ഡിസംബർ | SRG | |

# ഗണിതം

**പ്രവർത്തനം : 1**
**പേര് : ഗണിതകേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | വിവിധതരം ഗണിത കളികൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ ഉദാ: ഏണിയും പാമ്പും, നൂറാം കോൽ, ഡൈസ് കളി, കച്ചവടക്കളി | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**
**പേര് : ഗണിതം മധുരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതപ്പാട്ട്<br>ഗണിത ക്യാമ്പ്<br>ഗണിതോത്സവം<br>ഒറിഗാമി ശില്പശാല | ജൂലൈ<br>ആഗസ്റ്റ്<br>ഒക്ടോബർ | | |

**പ്രവർത്തനം : 3**
**പേര് : ഗണിതപഠനോപകരണങ്ങൾ ശില്പശാല**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ഗണിത പഠനോപകരണങ്ങളുടെ ശില്പശാല പ്രദർശനം | | | |

**പ്രവർത്തനം : 4**
**പേര് : ഗണിതച്ചുമർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത രൂപങ്ങൾ ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയുന്നു | ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കുന്നു.<br>പ്രദർശനം, ഗണിത മാഗസിൻ<br>ഗണിത ലാബ് ക്രമീകരിക്കുക | | | |

**പ്രവർത്തനം : 5**

**പേര് : ഗണിത മേള**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ശേഷിക ളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ മനക്കണക്ക്, ഗണിത മാഗസിൻ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | ആഗസ്റ്റ് ഫെബ്രുവരി | SRG | |

# വിവര സാങ്കേതിക വിദ്യ

**പ്രവർത്തനം : 1**
**പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**
**ഉപമേഖല : അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതി വിദ്യയെ ഫലപ്രദ മായി പ്രയോജന പ്പെടുത്തുക | പാഠ ഭാഗവുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ<br>സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളിക ളാകൽ | ഓരോ മാസത്തിലും | SITC | |

**പ്രവർത്തനം : 2**
**പേര് : IT ലാബ്**
**ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വത ന്ത്രമായും നിർഭയ മായും കമ്പ്യൂട്ടർ ഉപയോഗിക്കാ നുള്ള അവസരം | IT / ICT പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ ആഗസ്റ്റ് | SITC | |

# സാമൂഹികാവബോധം

**പ്രവർത്തനം : 1**
**പേര് : അതിഥിയെ അറിയാൻ**
**ഉപമേഖല : സാമൂഹിക അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ,സംവാദങ്ങൾ,അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരം ഒരുക്കൽ<br>ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പ്രാദേശിക അറിവ്**
**ഉപമേഖല : നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക | നവംബർ | SITC | |

**പ്രവർത്തനം : 3**
**പേര് : ഫീൽഡ് ട്രിപ്പ്**
**ഉപമേഖല : പൊതുസ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ<br>പോലീസ് ഓഫീസ്<br>പഞ്ചായത്ത്, വില്ലേജ്<br>ആശുപത്രി മുതലായവയ്ക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# സർഗ്ഗ വേദി

**പ്രവർത്തനം : 1**
**പേര് : സർഗ്ഗ വേദി**
**ഉപമേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗ്ഗാത്മക കഴി വുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗ്ഗവേദി നടത്തൽ നേതൃത്വം : വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

**പ്രവർത്തനം : 2**
**പേര് : ടാലെന്റ് ലാബുകൾ**
**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പി ക്കുന്ന തരത്തി ലുള്ള പരിശീലന പരിപാടികൾ ഒരു ക്കുക | നൃത്തം, ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA | 3000 |

**പ്രവർത്തനം : 3**
**പേര് : പ്രകടന വേദികൾ**
**ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയു ടെയും സവിശേ ഷമായ കഴി വിന്റെ വികസന ത്തിന് അവസര മൊരുക്കുക | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ്, എഫ്ബി, വാട്സാപ്പ് മുതലാ യവ വഴി സമൂഹവുമായി പങ്കുവെ ക്കൽ | ജൂൺ മാർച്ച് | SRG CT | |

# ആരോഗ്യ – കായിക – വിദ്യാഭ്യാസം

**പ്രവർത്തനം : 1**

**പേര് : കായികാരോഗ്യം**

**ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ്, ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യ പ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്ന തിന് പ്രാപ്തരാ ക്കുക | ഫുട്ബോൾ കോച്ചിങ് ക്യാമ്പ്, സ്കിപ്പിംഗ് പരിശീലനം ബാറ്റ്മിന്റൺ, അത്‌ലറ്റിക് പരിശീലനം, സൂംബാ പരിശീലനം | ജൂൺ മാർച്ച് | HM SRG PTA | 10000 |

**പ്രവർത്തനം : 2**

**പേര് : ഹെൽത്ത് ചെക്ക് അപ്പ്**

**ഉപമേഖല : ആരോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടി കൾക്കും കായിക രോഗ്യക്ഷമത ഉറ പ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ സെപ്തംബർ | PTA | 3000 |